# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1598

01.11.2019- ൽ മറുപടിയ്ക്ക്

### കൃഷി ആഫീസർമാരുടെ നീരിക്ഷണകാലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | ശ്രീ. വി. എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ആഫീസർമാരുടെ നീരിക്ഷണകാലം ഡിക്ളയർ ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2012 ആഗസ്റ്റ് നാലാം തീയതി കൃഷി അസിസ്റ്റന്റുമാർക്കുള്ള രണ്ട് ശതമാനം ക്വാട്ടാ പ്രൊമോഷനിൽ സ്ഥാനകയറ്റം ലഭിച്ച ചെങ്ങന്നൂർ മണ്ഡലത്തിലെ ബുധന്നൂർ കൃഷി ആഫീസറായ സൂസൻ തോമസിന്റെ നീരിക്ഷണകാലം ഡിക്ളയർ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കൃഷി ഓഫീസർ തസ്തികയിലെ ആകെ എണ്ണത്തിന്റെ 85% കേരള പി. എസ്. സി. വഴിയും 15% കൃഷി അസിസ്റ്റന്റുമാർക്ക് വകുപ്പുതല പ്രൊമോഷൻ വഴി സ്ഥാനക്കയറ്റം നൽകിയുമാണ് നിയമനം നടത്തുന്നത്. 10.07.2008 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1342/08/കൃഷി പ്രകാരം 15% വകുപ്പുതല പ്രൊമോഷൻ ക്വാട്ട, പി.എസ്. സി. നടത്തുന്ന യോഗ്യത പരീക്ഷ വിജയിച്ചവർക്ക് 13%, കൃഷി അസിസ്റ്റന്റുമാരിൽ കാർഷിക ബിരുദധാരികൾക്ക് 2% എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. 2012 കാലയളവിൽ പി. എസ്. സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാലും 13% ക്വാട്ടയിൽ യോഗ്യരായവർ ഇല്ലാത്തതിനാലും കാർഷിക ബിരുദമുള്ള 24 കൃഷി |

| | |
|---|---|
| | അസിസ്റ്റന്റുമാരെ 13% ക്വാട്ടയിലേക്ക് 12.06.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1246/12/കൃഷി യുടെ അടിസ്ഥാനത്തിൽ താല്ക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. 13% ക്വാട്ടയിൽ അർഹരായവർ ഉണ്ടാകുമ്പോൾ തരംതാഴ്ത്തപ്പെടും എന്ന നിബന്ധനയിലാണ് ഇവർക്ക് പ്രൊമോഷൻ നൽകിയിരുന്നത്. ശ്രീമതി. സൂസൻ തോമസ് ഇതിൽ ഉൾപ്പെട്ടിട്ടുള്ള കൃഷി അസിസ്റ്റന്റാണ്. പിന്നീട് 13% ക്വാട്ടയിൽ യോഗ്യരായവർ ഉണ്ടായപ്പോൾ ഇവരെ തരംതാഴ്ത്താതെ പി. എസ്. സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ 85% ക്വാട്ടയിലേയ്ക്ക് മാറ്റി നിയമിച്ചിരുന്നു. കൃഷി അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകളും, താല്ക്കാലിക നിയമനങ്ങൾ സംബന്ധിച്ച് ധാരാളം പരാതികളും ഉണ്ടായ സാഹചര്യത്തിൽ വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 02.09.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 838/2017/കൃഷി, 10.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 61/2018/കൃഷി എന്നീ ഉത്തരവുകളിലൂടെ യാണ് താല്ക്കാലിക നിയമനങ്ങൾ എങ്ങനെ ക്രമീകരിക്കേണ്ടതെന്നത് സംബന്ധിച്ച വ്യക്തത സർക്കാർ വരുത്തിയിട്ടുള്ളത്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2% ക്വാട്ടയിൽ ഉള്ള ഒഴിവുകളിലേക്ക് കൃഷി ഓഫീസർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(സി)** 2014 മുതൽ നിലവിൽ പത്ത് ശതമാനം ഒഴിവുകൾ നിലനില്ക്കു | **(സി)** 02.09.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 838/2017/കൃഷി, 10.04.2018 |

| | |
| --- | --- |
| മ്പോൾ ഈ കൃഷി ആഫീസർമാരെ റഗുലറൈസ് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ? | ലെ സർക്കാർ ഉത്തരവ് (കൈ) നം. 61/2018/കൃഷി എന്നിവയുടെ അടിസ്ഥാന ത്തിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റിൽ യോഗ്യരായവരെ ഉൾപ്പെടുത്തി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനം നടത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**